# അടിമക്കച്ചവടവും ചില ആഖ്യാനങ്ങളും

വിനിൽ പോൾ
ഗവേഷക വിദ്യാർത്ഥി, ജെ.എൻ.യു., ന്യൂഡൽഹി

**സംഗ്രഹം**

വിദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യപ്പെട്ട കേരളത്തിലെ അടിമകളുടെ ചരിത്രത്തിലേക്കുള്ള അന്വേഷണമാണ് പ്രബന്ധം. അയിത്ത സങ്കൽപ്പം അടിമക്കച്ച വടത്തിലെ പ്രധാന ഘടകമായിരുന്നു. ഇന്ത്യൻ മഹാസമുദ്രം കടന്നുപോയ അടിമകളെക്കുറിച്ചുള്ള ആഗോള അടിമത്ത പഠനങ്ങളിൽ ഒഴിച്ചു കൂടാനാവാത്ത വിഭാഗമായിരുന്നു സൗത്ത് ഇന്ത്യയിൽ നിന്നുള്ള പ്രത്യേകിച്ച് കേരളത്തിൽ നിന്നുള്ള അടിമകൾ. കേരളത്തിലെ അടിമകളെ സംബന്ധിച്ച് നിലവിലുണ്ടായിരുന്നതും വന്നതുമായ ഏതൊരു സംഘടിത മതവും അവരെ വില്പനയ്ക്കു വിധേയമാക്കിയിരുന്നു.

**താക്കോൽ വാക്കുകൾ:** അയിത്തം, അടിയായ്മ, ജാതി, അടിമത്തം

കേരളത്തിലെ വിവിധ തുറമുഖങ്ങളിൽ നിന്നും അടിമകളെ കപ്പൽ വഴി കയറ്റി അയച്ചിരുന്നതിന്റെ നിരവധി തെളിവുകൾ സാമൂഹ്യചരിത്രഗവേഷകർ കണ്ടെടുത്തിട്ടുണ്ട് (Linda and Matthias 2017; Singh 2007; Fisher 2006; Allen 2005; Vink 2003; Carter 1988). ഈ തെളിവുകളും പഠനങ്ങളും കേരളചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ അടിയായ്മ/അടിയാളത്തം തുടങ്ങിയ മാർക്സിയൻ സങ്കല്പങ്ങളോട് നിരവധി ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. മാത്രമല്ല ഇതാകട്ടെ മാർക്സിയൻ പിന്തുണയിൽ വിശദമാക്കുന്ന സാമൂഹ്യപരിണാമ ചരിത്രത്തിന്റെ വിപരീതദിശയിലാണ് സഞ്ചരിക്കുന്നത്. യൂറോപ്യൻ മേൽനോട്ടത്തിൽ രൂപംകൊണ്ട അടിമക്കച്ചവടസമ്പ്രദായത്തിൽ നിന്നും വ്യത്യസ്തവും പഴക്കമുള്ളതുമായിരുന്നു കേരളത്തിൽ നിലവിലുണ്ടായിരുന്ന അടിമക്കച്ചവടം.

ആളുകളെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതിനെ തെളിയിക്കുന്ന ധാരാളം ദേശ്യമായ തെളിവുകൾ നമ്മൾക്ക് ലഭ്യമാണ്. കേരളത്തിന്റെ പലഭാഗങ്ങളിൽ നിന്നുമായി കണ്ടെടുത്തിട്ടുള്ള ശിലാലിഖിതങ്ങൾ, വട്ടെഴുത്ത്-കോലെഴുത്തു രേഖകൾ, മുളയിലെഴുതിയ രേഖകൾ, ഗ്രന്ഥവരികൾ, വായ്മൊഴി തുടങ്ങി ധാരാളം ഉപാദാനങ്ങൾ കേരളത്തിലെ അടിമക്കച്ചവടത്തിനു മറ്റൊരു ചരിത്രരചന സാധ്യമാക്കുന്നുണ്ട്. കേരളത്തിലെ ചിത്രരചനയുടെ പതിവു പകരണങ്ങൾ, പ്രതേകിച്ചു വലിയപ്രതിഭാസങ്ങളെ മാത്രം കൈകാര്യം ചെയ്തുവന്നിരുന്ന രീതിശാസ്ത്ര മാതൃകകൾക്കു ഒരിക്കലും അടിമക്കച്ചവടം എന്ന സാമ്പത്തികവ്യവഹാരത്തിനെ കേരളാരൂപീകരണചരിത്രത്തിന്റെ ഭാഗമായി കാണാൻ കഴിഞ്ഞിരുന്നില്ല. ആധികാരികതയോടുകൂടിയ ഉപാദാനങ്ങൾ ഉള്ളപ്പോൾത്തന്നെയും ഈ അടിമ ഭൃതകാലം ഒരിക്കലും വേണ്ടവിധത്തിൽ ചർച്ച ചെയ്യപ്പെട്ടതുമില്ല.

യൂറോപ്യൻ അടിമത്തത്തിൽ നിന്നും ഇന്ത്യയിലെ ജാതിഅടിമത്തം വ്യത്യസ്തമാകുന്നതിന്റെ ഒരു കാരണം ജാതി അടിമത്തം നിലനിർത്തപ്പെട്ടതു ഹീനതയെ മുറുകെപ്പിടിച്ചുകൊണ്ടായിരുന്നു എന്നതാണ്. ആളുകളെ വില്പന ചെയ്യുന്നതും, അതിനെ ഒരു സാമ്പത്തികസ്രോതസ്സാക്കി മാറ്റിയതും അയിത്തത്തിന്റെ പിൻബലത്തോട് കൂടിയായിരുന്നു. ഈ ഹീനതാസങ്കൽപ്പം ഉപയോഗിച്ചാണ് എല്ലാവിധ മതങ്ങളും അടിമക്കച്ചവടത്തിൽ പങ്കാളിയായത്. കേരളത്തിലെ അടിമകളെ സംബന്ധിച്ച നിലവിലുണ്ടായിരുന്നതും വന്നതുമായ ഏതൊരു സംഘടിതമതവും അവരെ വില്പനക്ക് വിധേയമാക്കിയിരുന്നു. അയിത്തസങ്കല്പം അടിമക്കച്ചവടത്തിലെ പ്രധാനഘടകമായിരുന്നു. ഇത്തരത്തിൽ പ്രാദേശികതലത്തിൽ ദൃഢമായി നിലനിന്നിരുന്ന ഈ മനുഷ്യക്കച്ചവട വ്യവസ്ഥിതിയിലേക്കു മധ്യകാലത്തോടുകൂടി പോർട്ടുഗീസ് (1498), ഡച്ച് (1603), ഫ്രഞ്ച് (1674) തുടങ്ങിയ യൂറോപ്യൻ കമ്പനികൾ കടന്നുവരികയും അടിമക്കച്ചവടത്തിൽ സജീവസാന്നിധ്യമാകുകയും കേരളത്തിൽ നിന്നും അടിമകളെ അവരുടെ ആഫ്രിക്കൻ കോളനികളിലേക്കു കയറ്റി അയക്കുകയും ചെയ്തു. കേരളത്തിലെ അടിമയെ ഒരു ആഗോള ചരക്കായിമാറ്റി, അവരുടെ കോളനികളിലേക്കു കയറ്റുമതി ചെയ്തു എന്നതാണ് പോർട്ടുഗീസ്, ഡച്ച് അധിനിവേശാനന്തരം ഉണ്ടായ ഒരുമാറ്റം. കേരളത്തിൽ നിന്നും യൂറോപ്യന്മാർക്ക് അടിമകളെ കണ്ടെടുക്കേണ്ടി വന്നില്ല, മറിച്ചു നിലവിലുണ്ടായിരുന്ന വ്യവസ്ഥിതിയിൽ അവർ പങ്കാളിയാവുകയായിരുന്നു. ഈ പുതിയ സഖ്യം കേരളത്തിലെ അടിമകച്ചവടത്തെ ആഗോള അടിമത്തവ്യവസ്ഥിതിയുമായി

ബന്ധിപ്പിച്ചു. ഇതിന്റെ ഭാഗമായി ഒരുപാടു ആളുകൾ ആഫ്രിക്കയിലെ വിവിധ ഇടങ്ങളിലേക്ക് കയറ്റുമതി ചെയ്യപ്പെട്ടു, കേപ്പ്ടൗൺ, മൗറീഷ്യസ് തുടങ്ങിയ സ്ഥലങ്ങളിലേക്കാണ് കൂടുതലും കയറ്റുമതി നടന്നത്. എന്നാൽ ഇന്ത്യൻ മഹാസമുദ്രം കടന്നുപോയ അടിമകളെക്കുറിച്ചുള്ള ആഗോള അടിമത്തപഠന ങ്ങളിൽ ഒഴിച്ചുകൂടാനാവാത്ത ഒരു വിഭാഗമായിരുന്നു സൗത്ത് ഇന്ത്യയിൽ നിന്നുള്ള, പ്രത്യേകിച്ച് കേരളത്തിൽ നിന്നുമുള്ള അടിമകൾ. നൂറുകണക്കിന് ആളുകളെയാണ് കേരളത്തിന്റെ തുറമുഖങ്ങളിൽ നിന്നും അടിമകളായി ഡച്ച്, ഫ്രഞ്ച് കമ്പനികൾ അവരുടെ ആഫ്രിക്കൻ കോളനികളിലേക്കു കയറ്റിയയ ച്ചത്. കച്ചവടംവഴി കേരളത്തിൽ നിന്നും വേർപെട്ട അടിമകളെ തേടിച്ചെല്ലുന്ന മലയാളികളുടെ ഗവേഷണ എഴുത്തുകളുടെ എണ്ണം ഇന്ത്യയിലെ മറ്റു ഇടങ്ങ ളിലെ പഠനങ്ങളെ അപേക്ഷിച്ചു കുറവായിരുന്നു. പ്രത്യേകിച്ച് അടിമത്തം, അടിമക്കച്ചവടം തുടങ്ങിയ സംജ്ഞകൾ കേരള ചരിത്രരചനാലോകത്തു ഒരിക്കലും ചർച്ചാ വിഷയമായിരുന്നില്ല.

### മലയാളി അടിമകൾ വിദേശങ്ങളിലേയ്ക്ക്

ഡച്ച്-ഫ്രഞ്ച്കോളനിയായിരുന്ന മൗറീഷ്യസിലോട്ടാണ് ഏറ്റവും അധികം ഇന്ത്യൻ അടിമകൾ കയറ്റുമതി ചെയ്യപ്പെട്ടത് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുള്ള താണ്. റിച്ചാർഡ് ബി അലൻ, മരിയാന കാർട്ടർ, ഗ്യാൻ ക്യാമ്പെൽ, തുടങ്ങിയ വരുടെ പഠനങ്ങൾ ഇതിന്റെ ചരിത്രത്തിനെ വളരെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നു. 1792 മുതൽ 1834 വരെ ഇന്ത്യയിൽ നിന്നും മൗറീഷ്യസിലേക്ക് അയയ്ക്കപ്പെട്ട അടിമകളെക്കുറിച്ചുള്ള മരിയാനാ കാർട്ടറുടെ പഠനത്തിൽ, മലബാറിൽ നിന്നുമുള്ള അടിമകളുടെ സജീവസാന്നിധ്യം ചർച്ച ചെയ്യുന്നുണ്ട് (Carter: 1988). 1792-ൽ കോഴിക്കോട്ടു നിന്നും പോയ ഒരു ഫ്രഞ്ച് കപ്പലിൽ 300 അടിമകളുണ്ടായിരുന്നെന്നും, കൊല്ലത്തു നിന്നുള്ള നാല് സ്ത്രീകൾ അതിൽ ഉൾപ്പെട്ടിരുന്നെന്നും പഠനത്തിൽ പറയുന്നു (Allen 2005). മൗറീഷ്യസിൽ വെച്ച് സ്വാതന്ത്ര്യം നേടിയ അടിമകളിൽ കൂടുതലും, സൗത്ത് ഇന്ത്യയിൽ നിന്നുള്ളവരായിരുന്നെന്നും അവർ നിരീക്ഷിക്കുന്നു. സൗത്ത് ഇന്ത്യയിൽ നിന്നും പോയ അടിമകളെയായിരുന്നു കരിമ്പിൻ തോട്ടങ്ങളിലെ ജോലികൾക്കായി പലപ്പോഴും ഉപയോഗിച്ചിരുന്നത്. മൗറീഷ്യസ് തലസ്ഥാനം ആയ പോർട്ട് ലൂയിയുടെ കിഴക്കൻ പ്രദേശം മലബാർടൗൺ എന്ന പേരിലാണ് അറിയ പ്പെട്ടിരുന്നത്. സൗത്ത് ഇന്ത്യയിൽ നിന്നുള്ള അടിമകൾ തിങ്ങിപ്പാർത്തിരുന്ന പ്രദേശമായതിനാലാണ് ഈ പേര് ലഭിച്ചത് (Pridham: 1849).മലബാറിലെ അടിമകൾക്കായിരുന്നു കറുത്ത അടിമകളെ അപേക്ഷിച്ചു ഡിമാൻഡ് കൂടുതൽ,

മലബാറികൾ ഗാർഹിക ആവശ്യങ്ങൾക്കു വേണ്ടിയാണ് കൂടുതലും തിരഞ്ഞെടുക്കപ്പെട്ടത്. മലബാർ എന്ന പദം കൊണ്ട് പൊതുവിൽ അർത്ഥമാക്കുന്നത് സൗത്ത് ഇന്ത്യൻ വംശജനായ അടിമ എന്നാണ്. എന്നാൽ ചില രേഖകളിൽ കേരളത്തിലെ ചില പ്രത്യേക സ്ഥലങ്ങളുടെ പരാമർശങ്ങളും കാണാറുണ്ട്. മലബാറുകാരൻ എന്ന് മാത്രം സംബോധന ചെയ്തിരിക്കുന്ന ഒരുപാടാളുകളുടെ അനുഭവങ്ങൾ മൗറീഷ്യസിന്റെ ചരിത്രത്തിൽ നിന്നും നമുക്ക് ലഭ്യമാണ്, എന്നാൽ അത് സൗത്ത് ഇന്ത്യയുടെ സൂചകമായതിനാൽ മലയാളികൾ ആണോ, അല്ലയോ എന്ന് തിരിച്ചറിയാൻ ബുദ്ധിമുട്ടാണ്.

## പ്രാദേശിക അടിമക്കച്ചവട ശൃംഖല

1663-ജനുവരി എട്ടാംതീയതി കൊച്ചി ഡച്ചുകാരുടെ അധീനതയിലായി. ഇതിനോടകം ഡച്ച് കാലത്തെ കേരളം എന്ന പേരിൽത്തന്നെ ഒട്ടനവധി കൃതികൾ മലയാളി ഗവേഷകരും, ജനപ്രിയ എഴുത്തുകാരും അച്ചടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ എഴുത്തുകൾ ഒന്നടങ്കം അടിമക്കച്ചവടം എന്ന വിഷയത്തെക്കുറിച്ച് അതിശയിപ്പിക്കുന്നതരം നിശ്ശബ്ദതപുലർത്തുന്നു. പ്രത്യേകിച്ച് ഡച്ച് കാലത്ത് ക്രിസ്ത്യാനികൾക്ക് അടിമക്കച്ചവടത്തിലുണ്ടായിരുന്ന പങ്കിനെയും, അടിമ ഗോഡൗൺ ആയി ഉപയോഗിച്ചിരുന്ന പള്ളിയേയും എല്ലാം വളരെ വിദഗ്ധമായി ഒഴിവാക്കിയാണ് അക്കാദമികതലം മുതൽ ജനപ്രിയമേഖല വരെയുള്ള ചരിത്രരചനകൾ. എന്നാൽ വിദേശീയർ ഡച്ച് കമ്പനിയുടെ രേഖകളിൽ നടത്തുന്ന പഠനങ്ങൾ കൊച്ചിയിലെ അടിമക്കച്ചവടത്തെക്കുറിച്ചുള്ള കൂടുതൽ തെളിവുകൾ നമുക്കുമുൻപിൽ അവതരിപ്പിക്കുന്നു (Linda and Matthias 2017; Singh 2007; Vink 2003). കേരളത്തിലെ അടിമക്കച്ചവടചരിത്രത്തിനു കൂടുതൽ തെളിവുകളും, ഊർജ്ജവും നൽകുന്നതാണ് മാർക്കസ് വിങ്, അഞ്ജനാ സിംഗ്, മത്ഥിയാസ് തുടങ്ങിയ ഗവേഷകരുടെ ചരിത്രരചനകൾ. മത്ഥിയാസും ലിൻഡയും ഒരുമിച്ച് നടത്തിയ കൊച്ചിയെക്കുറിച്ചുള്ള പുതിയ പഠനമാണ് ഇതിൽ ഏറ്റവും ശ്രദ്ധേയം. ചെന്നൈ ആർകൈവ്സിലെ ആകൂൺ വാൻ ട്രാൻസ്പോർട് എന്ന രേഖയാണ് ഇവർ പ്രധാന ഉപാദാനം ആയി ഉപയോഗിച്ചിരിക്കുന്നത്. 1753 ജനുവരി രണ്ടു മുതൽ മാർച്ച് മൂന്ന് വരെയുള്ള 168 അടിമ ഇടപാടുകളെക്കുറിച്ചുള്ള വിശകലനമാണ് ഇവരുടെ പഠനത്തിനായി നടത്തിയിരിക്കുന്നത്.

കൊച്ചി തുറമുഖത്തു നിന്നും കയറ്റുമതി ചെയ്യപ്പെട്ട സാധനങ്ങളുടെ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് ആണ് ആകൂൺ വാൻ ട്രാൻസ്പോർട്. ഇത് കൊച്ചിയിലെ അടിമക്കച്ചവടത്തെക്കുറിച്ചുള്ള ഒരുപാടു തെളിവുകൾ നൽകുന്നു.

ഡച്ച്കമ്പനിയുടെ മേൽനോട്ടത്തിൽ നടന്ന അടിമക്കച്ചവട വിവരങ്ങൾ മാത്രം അടങ്ങിയ ഈ രേഖയിൽ അടിമയെ വിൽക്കുന്ന ആളുടെയും വാങ്ങുന്ന ആളുടെയും പേര്, ജോലി, പദവി എന്നിവ എഴുതിയിരിക്കും. അതോടൊപ്പം അടിമയുടെ പുതിയ പേര്, പഴയപേര്, ജാതി, ലിംഗം, ഏകദേശ പ്രായം എന്നിവയും കൃത്യമായി രേഖപ്പെടുത്തിയിരിക്കും. ഡച്ചുകാർ കൊച്ചിയിൽ നിന്നും അടിമകളെ പ്രധാനമായും കയറ്റുമതി ചെയ്തിരുന്നത് സൗത്ത് ആഫ്രിക്കയിലെ കേപ്പിലേക്കാണ്. ആക്റ്റൺ വാൻ ട്രാൻസ്പോർട്ട് കൊച്ചിയിലെ അടിമത്തത്തിന്റെ വിസ്തൃതമായ തെളിവാണ് നമുക്ക് മുൻപിൽ നിരത്തുന്നത്. അതോടൊപ്പം ഇന്ത്യൻ മഹാസമുദ്രത്തിൽ കൂടി നടന്ന വലിയ അടിമക്കച്ചവടചരിത്രത്തിൽ കേരളത്തിന്റെ പങ്കിനെയും ഇത് വ്യക്തമാക്കുന്നു. ഈ രേഖയുടെ അടിസ്ഥാനത്തിൽ കൊച്ചിയിൽ നിന്നും അടിമകളെ വാങ്ങിയിരുന്നത് 89% യൂറോപ്യൻമാരും, 5% ഏഷ്യക്കാരും, 3% കൊച്ചിക്കാരും, ബാക്കിയുള്ളത് അവ്യക്തമായ ഉപഭോക്താക്കളുമാണ്. എന്നാൽ തുറമുഖത്തെ അടിമക്കച്ചവടക്കാർ ഡച്ച് കമ്പനി ഉദ്യോഗസ്ഥർ 39% ഉണ്ടായിരുന്നപ്പോൾ കേരളത്തിലെ ക്രിസ്ത്യാനികൾ 38%, കച്ചവടക്കാരായി ആക്റ്റൺ വാൻ ട്രാൻസ്പോർട്ടിൽ രേഖപ്പെടുത്തപ്പെട്ടു. ഡച്ച് കമ്പനി ഉദ്യോഗസ്ഥർ അടിമകളെ വാങ്ങിയിരുന്നത് പ്രധാനമായും തദ്ദേശീയരായ ക്രിസ്ത്യാനികളിൽ നിന്നുമായിരുന്നു, അതിൽ 45% കത്തോലിക്കരായിട്ടുള്ളവരിൽ നിന്നുമാണ്. ഇത്തരം ഒരു സാഹചര്യത്തിലാണ് ഫ്രാൻസിസ് ഡെ കൊച്ചിയിലെ ക്രിസ്ത്യൻ പള്ളികൾ ആറ് ദിവസവും അടിമകളെ കെട്ടി ഇടുന്ന ഗോഡൗണായും, ഏഴാം ദിവസം ആരാധനയ്ക്കായിട്ടുമാണ് ഉപയോഗിക്കുന്നത് എന്ന് പറയുന്നത് (Day: 1863).

കൊച്ചിയിൽ വെച്ച് തന്നെ അടിമകൾക്ക് പുതിയ പേര് ഇട്ടാണ് അവരെ കപ്പലിൽ കയറ്റിയിരുന്നത്. ചില ഉദാഹരണങ്ങൾ നോക്കാം, 1753-ൽ മിഖായേൽ കിരാഷ് എന്ന ഡച്ച് ഉദ്യോഗസ്ഥൻ മൂന്ന് അടിമകളെ കൊച്ചിയിൽ നിന്നും വാങ്ങി, വേട്ടുവ ജാതിയിൽപ്പെട്ട 28 വയസുള്ള അഞ്ചിപ്പെണ്ണിന് ഡയാന എന്ന് പേര് കൊടുത്തു, എട്ട് വയസുകാരി ചക്കിയ്ക്ക് റോസിൻഡ എന്ന പേരും, പറയജാതിയിൽ ഉള്ള അഞ്ച് വയസുകാരൻ കോരന് ഫെബ്രുവരി എന്ന പേരും കൊടുത്തു രജിസ്റ്റർ ചെയ്താണ് കച്ചവടം നടത്തിയത്. ചോഗൻ ജാതിയിൽപ്പെട്ട പതിനാറുകാരൻ കൊമരനു ജനുവരി എന്ന് പേരും, കണ്ടനു ആരോൺ എന്ന പേരും, കൊച്ചിക്കാരൻ അന്തോണി മത്തായി വിറ്റ ഇട്ടി എന്ന പുലയബാലന് ജൂപീറ്റർ എന്ന പേരും, പറയ ജാതിയിൽപ്പെട്ട ഇരുപതുവയസുകാരി കൊലഞ്ഞിക്കു ദോറേതേയ എന്ന പേരും കൊടുത്തു (Linda

and Mathias: 2017). ആൺകുട്ടികൾക്ക് ഇംഗ്ലീഷ് മാസങ്ങളുടെ പേരുക ളായിരുന്നു പൊതുവെ നൽകിയിരുന്നത്. എന്തുകൊണ്ടാണ് കേരളത്തിലെ അടിമജാതികളുടെ ജീവിതത്തിന്റെയും സാമൂഹികാനുഭവത്തിന്റെയും ദൈനംദി നലോകം സാധ്യമാവുന്നത്ര വിശദമായി സൂക്ഷ്മപഠനം നടത്തുന്ന കാര്യത്തിൽ കേരളത്തിലെ ചരിത്രകാരന്മാർ നിഷ്കർഷതപാലിക്കാതെ ഇരുന്നത് എന്നുള്ള ചോദ്യം വളരെ പ്രധാനപ്പെട്ടതായിമാറുകയാണ് ഇത്തരം പ്രമാണശേഖരങ്ങ ളുടെ മുൻപിൽ.

1753-54 വർഷത്തിന്റെ ആദ്യ രണ്ടു മാസങ്ങളിൽ മാത്രം 161 അടി മകളെയാണ് കൊച്ചിയിൽ നിന്നും രജിസ്റ്റർ ചെയ്തു ഡച്ച് കോളണിയായ കേപ്പിലേക്കു അയച്ചത്. കേരളത്തിന്റെ വിവിധ ഇടങ്ങളിൽ നിന്നുള്ള അടി മകളാണ് കൊച്ചിയിൽ എത്തപ്പെട്ടത്. ഈ കണക്കിനെ കൂടുതൽ വിശദമായി നോക്കിയാൽ, ഈ റിപ്പോർട്ട് അനുസരിച്ചു 53 പുലയരെ (39 പുരു, 14 സ്ത്രീ), 49 ചോഗർ (34 പുരു, 15 സ്ത്രീ), 10 വേട്ടുവർ (6 പുരു, 4 സ്ത്രീ), കണക്ക 6 ( 4 പുരു, 2 സ്ത്രീ), രണ്ടു പറയർ (1 പുരു, 1 സ്ത്രീ), രണ്ടു മുസ്ലിങ്ങളെയും (1 പുരു, 1 സ്ത്രീ), രണ്ടു മുക്കുവ സ്ത്രീകൾ, ഒരു നായർ പുരുഷൻ, ഒരു ഉള്ളാട പുരുഷൻ എന്നിവരെ കൊച്ചിയിലെ തുറമുഖത്തിൽനിന്നും കയറ്റുമതി ചെയ്തു എന്ന് കാണുന്നു (ചില ജാതികൾ വ്യക്തമല്ല). കേരളത്തിലെയും സൗത്ത് ആഫ്രിക്കയിലെ കേപ്പ് കോളനിയിലെയും അടിമജനസംഖ്യയെ മാർക്കസ് വിങ്ക് അദ്ദേഹത്തിന്റെ പഠനത്തിൽ താരതമ്യം ചെയ്യുന്നുണ്ട്. 1687-ൽ കേപ്പ് കോളനിയിൽ ആകെ 901 അടിമകൾ ഉള്ളതിൽ 503 പുരുഷന്മാരും, 253 സ്ത്രീകളും, 145 കുട്ടികളുമാണ് ഉൾപ്പെട്ടിരുന്നത്. ഇതേ വർഷം ഡച്ചുകാർക്കു കേരളത്തിൽ 853 അടിമകളാണ് സ്വന്തമായി ഉണ്ടായിരുന്നത്. കൊച്ചിയിൽ മാത്രം 649 അടിമകളും, കൊല്ലം, കൊടുങ്ങല്ലൂർ, കണ്ണൂർ, പള്ളിപ്പുറം എന്നിവിടങ്ങളിൽ 204 അടിമകളുമാണ് ഉണ്ടായിരുന്നത്, അതിൽ 536 പുരുഷന്മാരും, 180 സ്ത്രീകളും, 137 കുട്ടികളു മായിരുന്നു ഉണ്ടായിരുന്നത് (Vink 2003).

ഡച്ചുകാരുടെ എല്ലാ കോളനികളിലെയുംപോലെ കൊച്ചിയിലും പരിപൂർണ്ണമായ അടിമസമ്പ്രദായം ആയിരുന്നു എന്നാണു കാന്റർ വിഷെർ പോലുള്ളവരുടെ രേഖപെടുത്തലുകൾ. അദ്ദേഹത്തിനു പോലും ഇരുപതു അടിമകൾ കൊച്ചിയിൽ ഉണ്ടായിരുന്നു (Geelen 2017). മാപ്പിള മുസ്ലിങ്ങളും, സുറിയാനി ക്രിസ്ത്യാനികളും, കൊച്ചി രാജാവുമായിരുന്നു പ്രാദേശികമേഖല യിൽ നിന്നും അടിമകളെ കമ്പനിക്കു എത്തിച്ചു കൊടുത്തുകൊണ്ടിരുന്നത് (Sing: 2007). ഡച്ചുകമ്പനി വിവിധതരം തൊഴിലുകൾക്കായി അടിമകളെ

ഉപയോഗിച്ചിരുന്നു. യൂറോപ്യന്മാരുടെ വരവോടുകൂടി ഉണ്ടായ മറ്റൊരു മാറ്റം, കാർഷിക അടിമകളായിരുന്ന പുലയരെയും മറ്റു അടിമ ജാതികളെയും കാർഷികേതര ജോലികളിലേക്കു തിരിച്ചുവിട്ടു എന്നതായിരുന്നു. ഈ കച്ചവട ശൃംഖലയിൽ ആളുകളെ മോഷ്ടിച്ചുകൊണ്ടു വന്നു വില്പന നടത്തിയിരുന്നു. 1658 മുതൽ 1807 വരെ കേരളത്തിൽ നിന്നും അടിമകളെ കേപ്പ് ടൗണിലേക്ക് വിറ്റിരുന്നു. മലബാർ, കൊച്ചി, മഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള അടിമകൾ കേപ്പ് ടൗണിൽ ഉണ്ടായിരുന്നു എന്ന് പ്രശസ്ത ചരിത്രകാരനായ നിഗെൽ വാർഡിടâ പഠനം സൂചിപ്പിക്കുന്നു (Warden: 2005). ആഫ്രിക്കൻഅടിമകളെയാകട്ടെ കാർഷിക മേഖലയിലെ പണി എടുക്കുന്നതിനു ഉപയോഗിക്കാറില്ലായിരുന്നു, അവരെ കൂടുതലും ഖനികളിലെ തൊഴിലുകൾക്കായാണ് ഉപയോഗിച്ചിരുന്നത്. കേപ്പ്ടൗണിൽ വീട്ടുപരിചരണത്തിനായി കൂടുതലും ഉപയോഗിക്കപ്പെട്ടിരുന്നത് മലബാറിൽ നിന്നുമുള്ള അടിമകളായിരുന്നു. ഡച്ച്


SALE

On Friday and Saturday, the 17th and 18th June next at 10 o'Clock A. M. precisely, at the Insolvent's

FURTHER,

Before a Special Commissioner.

J. T. JURGENS,
G. H. MEYER.

Joint Trustees.

Figure 1-27 Friday May 1831 The Cape of Good Hope Government Gazette notified a public auction of a Malabar slave



George Town, 28th February, 1831.

THE Undersigned, as assumed Executor in the Estate of the late JOHAN ANDRIES RAUTENBACH, Sr. and surviving Widow [illegible] hereby requests all Persons having any Claims against the said Estate, to transmit them to him within three Months from this date; and desires those indebted to the said Estate to discharge their Accounts within the above period.

J. H. MEYER, Assumed Executor.

25 RIX-DOLLARS REWARD.

ABSCONDED, from the Undersigned, since the 11th February last, his Slave named Daniel, 20 years old, rather tall, and slender, yellow complexion, and fit for all Farmers' work, [illegible] a free Person. [illegible] take notice of this Advertisement.— Those lodging him in one of the Prisons, or returning him to his Master, shall receive the above Reward; it is supposed that he is in Zwartland.

Klein Drakenstein, 8th March, 1831.

ERNST STEPH. DU TOIT.

ABSCONDED, from the Undersigned, his Slave Damon, of Malabar, formerly the property of Mr. WESSEL [illegible] it is supposed that he harbours himself in the District of [illegible], where he has been apprehended on a previous desertion.—Any Person [illegible] the said Slave, is requested to lodge him in one of the Prisons.

[illegible], 9th March, 1831.

R. CLOETE, [illegible]

25 RIX-DOLLARS REWARD.

ABSCONDED, on the 7th February last, from the Undersigned, his male Slave Damon, a Native of this Colony, of Madagascar Parents, 17 years old, formerly the property of Mr. [illegible], residing in the District of [illegible].— Any Person returning him, shall receive the Reward; and if he be lodged in one of the Prisons, [illegible]; those harbouring said slave after this Notice, will be prosecuted.

[illegible], 9th March, 1831.

P. van BREDA.

Figure 2-Absconded, from the undersigned, his slave Damon of Malabar, 11 Friday March 1831 The Cape of Good Hope Government Gazette notified.

ഉദ്യോഗസ്ഥർ കേപ്പിൽ നിന്നും സ്ഥലംമാറിപ്പോകുമ്പോൾ വീട്ടുസാധനങ്ങളും, കുതിരവണ്ടിയും, അലമാരയും, ഇന്ന സ്ഥലത്തുനിന്നുള്ള അടിമയും എല്ലാം വില്പനയ്ക്ക്, അല്ലെങ്കിൽ ഇത്രാം തീയതി ഇന്ന സമയത്ത് ലേലം വിളിക്കുന്നതായിരിക്കും എന്ന് അവരുടെ കേപ്പ്ഓഫ് ഗുഡ് ഹോപ് ഗവണ്മെന്റ് ഗെസറ്റിൽ പരസ്യം ചെയ്യുമായിരുന്നു. ഗസറ്റിലെ ഇത്തരം പരസ്യങ്ങളിൽ മലബാറിൽ നിന്നുള്ള അടിമ വില്പനയ്ക്ക് എന്ന് കാണാൻ കഴിയും. മലബാർ അടിമ എന്ന് മാത്രം പറഞ്ഞിരിക്കുന്ന ഈ പരസ്യം സൗത്ത് ഇന്ത്യയെയാണ് പ്രതിനിധീകരിക്കുന്നത് എന്നതിനാൽ അതിന്റെ സൂക്ഷ്മതലത്തിലേക്ക് തത്കാലം നമുക്ക് പോകാൻ സാധ്യമല്ല.

### കൊച്ചിക്കാരന്റെ പേരിലെ സ്ഥലനാമം

കേരളത്തിൽ നിന്നും അടിമകളായി അയക്കപ്പെട്ടവർ ആഫ്രിക്കൻപ്രദേശങ്ങളിലെ കോളനികാലചരിത്രത്തിൽപ്പോലും ഇടപെടുന്നത് നാം കാണുന്നുണ്ട്.

ഡച്ചുകാലത്ത് കൊച്ചിയിൽ നിന്നും സൗത്ത് ആഫ്രിക്കയിലേക്ക് അയക്കപ്പെട്ട ഒരു മലയാളി അടിമയുടെ ജീവിതം ഇത്തരത്തിൽ ശ്രദ്ധേയമാണ്.

1809 ഓഗസ്റ്റ് ആറിന് കേണൽ കോളിൻസ് കേപ്പ് ടൗണിൽ നിന്നും ലോർഡ് ക്യാലിടാന് അയച്ച എഴുത്ത്:

> "1800 കളുടെ ആരംഭത്തിൽ, പ്ലെട്ടൻബർഗ് ബേയുടെ സമീപത്തെ ഇടതൂർന്ന വനപ്രദേശത്തെ ഡോൾനദി മുറിച്ച് കടക്കുമ്പോൾ, കേപ്പ് ടൗണിൽ നിന്നും ഒളിച്ചോടിപ്പോയ മലബാറുകാരൻ ഡെയിമൻ അടിമയുടെ വീട് കണ്ടു. ഒരു ആഴ്ച്ച മുൻപാണ് അവനെ ഇവിടെ നിന്നും പിടിച്ചുകൊണ്ടുപോയത്. ഡച്ചുകേന്ദ്രമായ കൊച്ചിയിലെ ഒരു കൃഷി പ്പണിക്കാരനായിരുന്ന അവനെ കൊച്ചിയിൽ നിന്നും കെയിപ്പിലേക്ക് (സൗത്ത് ആഫ്രിക്ക) വിറ്റതാണ്. സ്ഥിരം യാത്രക്കാർ ഇല്ലാത്ത ആ പരപ്പിൽ കൊച്ചിക്കാരനായ അടിമ നീണ്ട ആറു വർഷം തനിയെ താമസിച്ചു. ഡെയ്മനും സുഹൃത്തും കൂടിയാണ് ഈ പ്രദേശത്തേക്ക് ആദ്യം ഒളിച്ചോടി എത്തിയതെങ്കിലും അവന്റെ സുഹൃത്ത് വളരെ വേഗത്തിൽ മരണപ്പെടുകയായിരുന്നു. സുഹൃത്തിന്റെ ശവകുടീരം അവന്റെ വീടിനു അല്പം മാറിത്തന്നെ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. ആദ്യമാസം അവൻ ഭയങ്കരമായ ആഘോഷത്തിലായിരുന്നു, പിന്നീടവന് ഒളിച്ചോടിയതിനെക്കുറിച്ച് ഓർമ്മ വന്നു. അവൻ ആദ്യം നിർമ്മിച്ചത് തടിയുടെ അകത്ത് മറഞ്ഞിരിക്കുന്ന ഒരു താവളമായിരുന്നു. രണ്ടാമത് നിർമിച്ച കുടിൽ കൂടുതൽ ആത്മവിശ്വാസത്തോടെ നിർമ്മിച്ചതാണെന്ന് കാണുമ്പോഴേ മനസിലാക്കാൻ സാധിക്കും. അത് മറഞ്ഞിരിക്കുന്ന അവസ്ഥയിൽ അല്ലായിരുന്നു പകരം ഒരു തുറന്ന സ്ഥലത്തായിരുന്നു. ശല്യങ്ങളില്ലാത്ത ഈ താവളത്തിൽ ആയിരിക്കും അവസാന നാളുകൾ എന്ന് വിചാരിച്ചായിരിക്കാം അവൻ ഇത്ര മനോഹരമായ ഒരു വീട് പണിയാൻ തുടങ്ങിയത്. പക്ഷെ മേടയുടെ പകുതി മാത്രമേ അവനു പൂർത്തീകരിക്കാൻ കഴിഞ്ഞുള്ളൂ. അപ്പോഴേക്കും അവന്റെ എല്ലാവിധ സ്വത്തുക്കളും ഇല്ലായ്മ ചെയ്യപ്പെട്ടു. അവൻ പിടിക്കപ്പെട്ടു. ഈ ആറു വർഷത്തിനിടയിൽ അവൻ ഏകദേശം രണ്ടേക്കറോളം ഭൂമി തെളിച്ച്, അതിനെ മനോഹരമായ ഒരു കൃഷിയിടമാക്കി മാറ്റുകയും അതിൽ പച്ചക്കറികളും, പുകയിലയും, പഴവർഗ്ഗങ്ങളും വളർത്തുകയും ചെയിതു. ഒളിച്ചോടിയ സമയത്ത് അവന്റെ കയ്യിൽ ഉണ്ടായിരുന്നത് ഒരുപിടി പച്ചക്കറി വിത്ത് മാത്രമായിരുന്നു, അതിൽ നിന്നുമാണ് ഈ വലിയ തോട്ടം ഉണ്ടാക്കിയത്. കൃഷിയിടത്തിലേക്ക് വെള്ളം എത്തിക്കുന്നതിനായി പതിനാറു കിലോമീറ്റർ അകലത്തിൽ നിന്നും

ഒരു ജലപാത ഉണ്ടാക്കിയെടുത്തു. ഈ സ്ഥലം ഡെയ്മൻ നീരുറവ എന്നാണ് ഇപ്പോൾ അറിയപ്പെടുന്നത്. ആനപ്പിണ്ടവും എരുമച്ചാണകവും വിവിധതരത്തിലുള്ള മാനുകളുടെയും മറ്റു നാൽക്കാലികളുടെയും എല്ലുകളും അവന്റെ വീടിനു സമീപത്തു ധാരാളമായി ശേഖരിച്ചു വെച്ചിട്ടുണ്ടായിരുന്നു. ഇതെല്ലാമാണ് കൃഷിയിടത്തിൽ വളമായി ഉപയോഗിച്ചിരുന്നത്. ഈ മൃഗങ്ങളുടെ തോൽകൊണ്ട് അവൻ യൂറോപ്യൻ രീതിയിലുള്ള വസ്തുങ്ങൾ ഉണ്ടാക്കി എടുത്തു. വലിയ കുഴികളും, കിടങ്ങുകളുമുണ്ടാക്കിയാണ് മൃഗങ്ങളെ പിടിച്ചിരുന്നത്. മൺപാത്രങ്ങൾവരെ നിർമിച്ച ഈ പുതിയ റോബിൻസൺ ക്രൂസോ തന്റെ ജീവിതത്തിൽ അനുഭവിച്ച എല്ലാ സുഖസൗകര്യങ്ങളും സ്വപ്രയത്നത്താൽ ഉണ്ടാക്കിയെടുത്തതാണ്. ഒളിച്ചോടിയ സമയത്തു കുറ്റകൃത്യങ്ങൾ ചെയ്തിട്ടില്ലാത്ത സ്ഥിതിക്ക് ഇവന് ശിക്ഷകൾ ഒന്നും തന്നെ ലഭിക്കില്ല എന്ന് എനിക്ക് (കോളിൻസ്) ഉറപ്പുണ്ടായിരുന്നു. സ്വതന്ത്രനാകുക എന്ന ഒറ്റ ആഗ്രഹം മാത്രമാണ് അവനുണ്ടായിരുന്നത്. രക്ഷപ്പെടുമെന്നുള്ള ഭയവും, ബന്ധിച്ച ചങ്ങലയുടെ ഭാരവും കാരണം അവനെ കൊണ്ടുവരാൻ ഒരു വാഗൺ തന്നെ വേണ്ടി വന്നു. ഭാവിയിൽ അവനെ ഉപയോഗിക്കണം എന്നാഗ്രഹിച്ച യജമാനന്റെ നിർബന്ധത്താലാണ് ചങ്ങല അണിയിച്ചത്. അവൻ മറ്റുള്ളവർക്ക് ഒളിച്ചോടിപ്പോകാനുള്ള വഴി പറഞ്ഞു കൊടുക്കും എന്ന ഭയത്താൽ അവനെ എത്രയും വേഗം കെയ്പ്പിലേക്കു അയക്കണം എന്നതായിരുന്നു അവരുടെ പദ്ധതി. നാല്പത്തിയഞ്ച് വയസുവരെ ജീവിച്ചിരുന്ന അവൻ ഊർജസ്വലനും, ശക്തനുമായിരുന്നു. ഒളിച്ചോടി എത്തിയ ആദ്യ സമയങ്ങളിൽ ഭയപ്പാടോടെയാണ് ജീവിച്ചതെന്നും പലപ്പോഴും എരുമകളും, കാട്ടുമൃഗങ്ങളും ആക്രമിച്ചിരുന്നെന്നും അവൻ വെളിപ്പെടുത്തുകയുണ്ടായി. ശിക്ഷിക്കപ്പെട്ട അടിമയെ പക്ഷികൾ കൊത്തിത്തിന്നുവാനായി ചങ്ങലയിൽ പൂട്ടിയിടുമ്പോൾ ഭയത്താൽ അവർ മലമൂത്രവിസർജ്ജനം നടത്തിയിരുന്നു, എന്നാൽ അവന് അങ്ങനെ ഉണ്ടാകില്ലെന്ന് ഞങ്ങൾക്കു ഉറപ്പായിരുന്നു, അത്രത്തോളം ധൈര്യശാലിയായിരുന്നു (Sutherland 1846)”.

1809ൽ കൊളോണിയൽ ഗവൺമെന്റ് ഡെയ്മനെ സ്വതന്ത്രനായി പ്രഖ്യാപിക്കുകയും ജോർജ് (സൗത്ത് ആഫ്രിക്ക) എന്ന സ്ഥലത്തു അവൻ ഒരു വീടു വെച്ച്, കുടുംബമായി താമസിച്ചു, പിന്നീട് നാല്പത്തിയഞ്ചാം വയസ്സിൽ മരണപ്പെട്ടു (Sutherland: 1846).

കേരളത്തിന്റെ സാമൂഹ്യചരിത്രങ്ങളിൽ ഇടം നേടാതെപോയ ഇത്തരം ധാരാളം മനുഷ്യരെ നമുക്ക് കാണാൻ കഴിയുന്നുണ്ട്. കൊളോണിയൽ കാലത്ത് അടയാളപ്പെടുത്തപ്പെട്ട ഇത്തരം അടിമ ആഖ്യാനങ്ങൾ കണ്ടെടുക്കുകയും അവ സൈദ്ധാന്തിക വ്യാഖ്യാനങ്ങൾ ഒന്നും ഇല്ലാതെ നേരിട്ട് അവതരിപ്പിച്ചാൽ പോലും അവ നിലവിലെ ചരിത്രരചനാരീതിയോട് ചില വിമർശനങ്ങൾ ഉന്നയിക്കുന്നത് നമുക്ക് കാണാൻ കഴിയും. മാത്രമല്ല ഈ അടിമ ആഖ്യാനങ്ങൾ നിലവിലെ ചരിത്രരചനകളുടെ അതിർവരമ്പ് കൃത്യമായി കാട്ടിക്കൊടുക്കുന്ന ഒന്നുകൂടിയാണ്.

### ബ്രിട്ടീഷുകാരുടെ അടിമ ഇടപാടുകൾ

കേരളത്തിലെ അടിമക്കച്ചവടത്തിൽ പങ്കാളികളായിരുന്ന ബ്രിട്ടീഷുകാരെ സംബന്ധിച്ചുള്ള ധാരാളം തെളിവുകൾ നമ്മൾക്ക് ഇന്ന് ലഭ്യമാണ്. 1772-ൽ ജെയിംസ് ഹോബ്സ് എന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ തിരുവിതാംകൂർ സന്ദർശിച്ചപ്പോൾ അഞ്ചുതെങ്ങിൽ നിന്നും എട്ടു വയസ്സ് പ്രായമുള്ള ഒരു ആൺകുട്ടിയെയും, പെൺകുട്ടിയെയും വിലയ്ക്ക് വാങ്ങിയിരുന്നു. അദ്ദേഹം കുട്ടികളെ ബോംബയിൽ ഉള്ള ഒരു സുഹൃത്തിനു സമ്മാനമായി കൊടുക്കുകയും ചെയിതു (Forbes: 1834). ആളുകളെ, പ്രത്യേകിച്ച് കുട്ടികളെ വിൽക്കുന്നത് സ്ഥിരം കാഴ്ചയായിട്ടാണ് പല ബ്രിട്ടീഷുകാരും രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 1792-ൽ ബ്രിട്ടീഷ്ഭരണം ഔദ്യോഗികമായി മലബാറിൽ ആരംഭിച്ചപ്പോൾ അവർ അടിമക്കച്ചവടം നിരോധിക്കുകയും, ക്രിമിനൽ കുറ്റമായി പ്രഖ്യാപിക്കുകയും ചെയ്തു. ഇത് പ്രധാനമായും മാഹിയിലെ ഫ്രഞ്ച്കച്ചവടക്കാരെ ഒതുക്കുന്നതിനു വേണ്ടി നടപ്പിലാക്കിയതാണ്. അതേസമയം ബ്രിട്ടീഷുകാരിൽ ചിലർ ഈ കച്ചവടം തുടർന്നിരുന്നു. ഇന്ത്യയിൽ നിന്നും ബ്രിട്ടനിലേക്ക് കയറ്റി അയക്കപ്പെട്ട ആളുകളുടെ എണ്ണം വളരെ വലുതായിരുന്നു എന്നാണ് നിലവിലെ പഠനങ്ങൾ കാണിക്കുന്നത്. ബ്രിട്ടനിലേക്ക് അയക്കപ്പെട്ടതിലും മലയാളി സാന്നിധ്യം ഉണ്ടായിരുന്നു, ഇത്തരത്തിൽ ശ്രദ്ധേയനായ കഥാപാത്രമായിരുന്നു മലയാളിയായ റിപ്പൺ (പഴയ പേര് ലഭ്യമല്ല).

1760-ൽ ആലപ്പുഴയിലാണ് റിപ്പൺ ജനിച്ചത്. ബോംബയിൽ നേവി മേധാവിയായിരുന്ന ക്യാപ്റ്റൻ റിച്ചാർഡ് ഫീൽഡ് റിപ്പണെയും, മറ്റു രണ്ടു അടിമകളെയും കേരളത്തിൽ നിന്നും വാങ്ങി ബോംബയിൽ കൊണ്ടുപോയി. എന്നാൽ റിച്ചാർഡ് ഫീൽഡ് 1774-ൽ സൂറത്തിലെ നാവിക ഉദ്യോഗസ്ഥനായ ജോൺ കാനിങിനു റിപ്പണെ വിറ്റു. അഞ്ചുവർഷം കഴിഞ്ഞ്, ഏകദേശം 1779-ൽ കാനിങ് റിപ്പണുമായി ബ്രിട്ടനിലേക്ക്പോയി, അവിടെ എസ്സെക്സ്

ഗ്രാമത്തിൽ കാനിങ്ങിന്റെ കുടുംബത്തോടൊപ്പമാണ് റിപ്പൺ താമസിച്ചത്. എസ്സെക്സിൽ വെച്ച് കാനിങ് തന്റെ അടിമയെ വിദ്യാഭ്യാസം ചെയ്യിക്കാൻ ശ്രമിക്കുകയും, ആംഗ്ലിക്കൻ പള്ളിയിൽ ചേർത്ത് സ്നാനപെടുത്തുകയും ചെയ്തു. സ്നാനപ്പെടുത്തിയപ്പോൾ നൽകിയ പുതിയ പേരാണ് റിപ്പൺ. കാനിങ് കുടുംബവുമായി യാതൊരു സഹകരണ മനോഭാവവും വെച്ചുപുലർത്താത്ത റിപ്പണെ ജെയിംസ് ഡഗ്ളസ് എന്ന ഒരാൾക്ക് വിറ്റു. എന്തായാലും 1782-83 വർഷങ്ങളിൽ ഡഗ്ളസ്സിനു വേണ്ടി റിപ്പൺ ജോലിചെയ്തു, ഇതിനിടയിൽ റിപ്പൺ ഡഗ്ളസ്സിന്റെ വീട് കൊള്ളയടിച്ചു. വിചാരണ ചെയ്യുന്നതിലും നല്ലതു റിപ്പണെ കാനിങ് കുടുംബത്തിലോട്ടു തിരികെ അയക്കുന്നതാണ് ലാഭം എന്നതിനാൽ വീണ്ടും റിപ്പൺ കാനിങ് കുടുംബത്തിൽ എത്തപ്പെട്ടു. എന്നാൽ കാനിങ് കുടുംബം റിപ്പണെ മാഞ്ചസ്റ്റർ ഉള്ള ചാൾസ് ഹെയ്സിന് വിറ്റു. അവിടെയും മോഷണം നടത്തി എന്ന കാരണത്താൽ റിപ്പണെ കാനിങ് കുടുംബത്തിലേക്ക് വീണ്ടും മടക്കി അയച്ചു. ഒടുവിൽ സഹികെട്ട ജോൺ കാനിങ് 1784-ൽ റിപ്പണെ ചാൾസ് മൂർ എന്ന ഈസ്റ്റ് ഇന്ത്യാകപ്പൽ മേധാവിക്ക് സെന്റെ ഹെലീന ദ്വീപിലേക്ക് വിറ്റു. ആ ചെറിയ ദ്വീപാണ്, അല്ലെങ്കിൽ ജെയിലാണ് അവനു ഏറ്റവും അനുയോജ്യമായ സ്ഥലം എന്ന് കാനിങ് വിശ്വസിച്ചു (Fisher :2006).

ജാതിഘടനയിൽ നിലനിന്നിരുന്ന സമൂഹത്തിൽ അടിമത്തം ഇല്ലായിരുന്നു എന്നുള്ള അക്കാദമിക വാദങ്ങൾ എന്തുതന്നെ ഉണ്ടായിരുന്നാലും കേരളത്തിൽ ആളുകളെ അതിക്രൂരമായി വില്പന നടത്തിയിരുന്നു എന്നതിനെ ആർക്കും നിഷേധിക്കാൻ സാധിക്കില്ല. കേരളത്തിൽ നൂറ്റാണ്ടുകൾ നീണ്ടു നിന്ന ഈ മനുഷ്യക്കച്ചവടത്തിന് എതിരെ ആദ്യമായി ശബ്ദം ഉയർത്തിയത് ബ്രിട്ടീഷ് ഭരണാധികാരികളാണ്. അതിനു പിന്നിൽ എന്തെല്ലാം ഗൂഢലക്ഷ്യങ്ങൾ ഉണ്ടായിരുന്നാലും, അവർ മുൻകൈയെടുത്തതിനാലാണ് അടിമത്തനിരോധന വിളംബരം ഉണ്ടായത്.കേരളത്തിൽ അന്നോളം നിലവിലുണ്ടായിരുന്ന ഒരു മതവും ഈ കച്ചവടത്തിനെതിരെ ഒരിക്കൽപ്പോലും എതിർപ്പു പ്രകടിപ്പിച്ചിട്ടില്ല. 1843-ൽ മലബാറിൽ അടിമക്കച്ചവടം നിരോധിച്ചെങ്കിലും തിരുവിതാംകൂറിലും, കൊച്ചിയിലും തുടർന്നിരുന്നു. നാട്ടുരാജ്യങ്ങളിൽ ഇതിനെതിരെ ശബ്ദമുയർത്തിയതാകട്ടെ ഇംഗ്ലീഷ് മിഷനറിമാർ മാത്രമാണ്. അടിമക്കച്ചവടചരിത്രമെന്നത് നിലവിലെ കേരളചരിത്രരചനകളുടെ അതിർവരമ്പുകൾ വെളിപ്പെടുത്തുന്ന ഒന്നാണ്. കേരളത്തിലെ അടിമജാതികളുടെ ചരിത്രം കേവലം ആചാരാനുഷ്ഠാനങ്ങളുടെയും സ്വയം കീഴടങ്ങലിന്റെയും പശ്ചാത്തലത്തിൽ വിവരിച്ചിരുന്ന സാമ്പ്രദായികചരിത്രകാരന്മാർ ദളിത് ഭൂതകാലങ്ങൾക്കു നൽകിയ

സംഭാവനകളെ യുക്തിപരമായി ന്യായീകരിക്കാൻ സാധിക്കാത്ത അവസ്ഥയാണ് ആധികാരികതയോട്ടുകൂടിയ ഇത്തരം പ്രമാണങ്ങൾ കണ്ടെടുക്കുമ്പോൾ ഉണ്ടാകുന്നത്. ചരിത്രരചനകളിൽ ജാതിയാൽ കല്പിച്ച നൽകിയ ഭൂതകാലത്തിനും അടിയായ്മയെന്ന ജാതീയാചാരത്തിനും ഉൾക്കൊള്ളാൻ സാധിക്കുന്നതല്ല അടിമക്കച്ചവടവും, അടിമകളുടെ ഒളിച്ചോട്ടവും. തെളിവുകളുടെ അടിസ്ഥാനത്തിൽ ഈ രണ്ടുതരം ഭൂതകാലങ്ങളെയും ഒരുമിച്ച നോക്കുമ്പോൾ ദളിതരുടെ വർത്തമാനകാലത്തെ രൂപീകരിക്കുന്നതും ചരിത്രത്തിന്റെ കുഴഞ്ഞുമറിഞ്ഞ സ്വഭാവത്തെ തുറന്നുകാട്ടുന്നതുമായ അടിമത്തമാണ് കേരള ചരിത്രത്തിലെ ദളിതരുടെ ഭൂതകാലധർമ്മം കൂടുതലായി നിർവ്വഹിക്കുന്നത്. അതുകൊണ്ടു അടിമജാതികളുടെ വില്പനയുടെയും ഒളിച്ചോട്ടത്തിന്റെയും ചരിത്രം പറയുന്നതിലൂടെ കേരളത്തിന്റെ ബഹുമുഖങ്ങളായ ചരിത്രങ്ങളാണ് ഉണ്ടാക്കപ്പെടുന്നത്.

## Reference

1. Allen, B, Richard., 2005,Carrying Away the Unfortunate: The Exportation of Slaves from India During the Late Eighteenth Century, (Ed.) Hubert Gerbeau and Jacques Weber, *Le monde creole: Peuplement, societies et condition humaine*, XVIIe-XXe Siecles; Melanges offerts a Hubert Gerbeau, Paris: Les Indes Savantes.

2. Carter, Marina., Slavery and Unfree Labour in the Indian Ocean, *History Compass* 4/5 (2006): 800–813.

   'Indian Slaves in Mauritius (1729– 1834)', Indian Historical Review 15, nos. 1–2 (1988): 233–47;

3. Day, F. (1863) *The Land of the Perumals, or Cochin, Its Past and Present*. Madras: Gantz Brothers.

4. Fisher, M.H. (2006) 'Bound for Britain: Changing Conditions of Servitude, 1600-1857'. In

   I. Chatterjee & R.M. Eaton (Eds),*Slavery and South Asian History* (pp. 187-209). Bloomington: Indian University Press.

5. Forbes, J. (1834) *Oriental Memoirs*.2 Vols. London: Richard Bentley

6. Geelen, Alexander. (2017) Defining Slavery in Cochin Social Backrounds, Tradition and Law in the Making of *Slaafbaarheid* in Eighteenth-Century Dutch Cochin, *Unpublished MA Dissertation*, Leiden University.

7. Mbeki, Linda and Matthias van Rossum. (2017) Private slave trade in the

Dutch Indian Ocean world: a study into the networks and backgrounds of the slavers and the enslaved in South Asia and South Africa, *Slavery & Abolition*, Vol 38, No. 1, pp.95-116.

8. Singh, Anjana. (2007) Fort Cochin in Kerala 1750-1830 The Social Condition of A Dutch Community in an Indian Milieu, *PhD thesis,*Leiden University.

9. Pridham, Charles.(1849) An Historical, Political and Statistical Account of Mauritius and its Dependencies. London: T. and w. Boone.

10. Vink, Markus. (2003) The World's Oldest Trade": Dutch Slavery and Slave Trade in the Indian Ocean in the Seventeenth Century, *Journal of World History*, Vol. 14, No. 2, pp. 131-177.

11. Worden, Nigel. (2016) Indian Ocean Slaves in Cape Town, 1695–1807, *Journal of Southern African Studies*, 42:3, 389-408.

*vinilbabyapul76@gmail.com*